തെക്കൻപാട്ടുകൾ നമ്പർ 1.

ചാമുണ്ഡികഥ

(വില്ലടിപ്പാട്ട്)

കാഞ്ഞിരംകുളം

കെ. കൊച്ചുകൃഷ്ണൻ നാടാർ

തെക്കൻപാട്ടുകൾ നമ്പർ 1

ചാമുണ്ഡികഥ

(വില്ലടിപ്പാട്ട്)

പ്രകാശകൻ
കാഞ്ഞിരംകുളം
കെ. കൊച്ചുകൃഷ്ണൻനാടാർ

(രണ്ടാംപതിപ്പ് കോപ്പി 500)

വില രൂ. 1 ണ. 8

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

പ്രസ്താവന

സകല സാഹിത്യങ്ങളുടെയും ആദിരൂപം അന്വേഷിച്ചാൽ അവ പ്രാകൃതങ്ങളായ ഗാനസമുച്ചയങ്ങളായിരുന്നു എന്നു വെളിപ്പെടുന്നതാണു്. അതു തന്നെയാണു മലയാളത്തിന്റെയും അവസ്ഥ. ഇത്തരം പാട്ടുകളെ ഇംഗ്ലീഷിൽ ഫോക്ക്സോംഗ്സ് (Folk songs)—സാമുദായികഗാനങ്ങൾ—എന്നു പറഞ്ഞുവരുന്നു. ഈശ്വരാരാധന, സാമുദായികവിനോദങ്ങൾ, പലമാതിരി തൊഴിലുകൾ ഇവയ്ക്കായി ഉപയോഗിക്കപ്പെട്ടുപോരുന്നവയാണു് ഈ പാട്ടുകൾ. ഭദ്രകാളി, ശാസ്താവു്, മാടൻ, നാഗങ്ങൾ മുതലായ ദേവതകളെയും യുദ്ധവീരന്മാരോ, മാന്ത്രികന്മാരോ ഭക്തന്മാരോ മററോ ആയിരുന്നു മരിച്ചുപോയ പൂർവികന്മാരെയും പ്രാചീനകേരളീയർ ആരാധിച്ചുപോന്നു. ആകയാൽ മതപരമായ പഴയ പാട്ടുകളിൽ അധികവും മേൽപറഞ്ഞ ദേവതകളെ അധികരിച്ചുള്ളവയും വീരന്മാരുടെ അപദാനങ്ങളെ വിഷയമാക്കി ഉള്ളവയും ആയിരിക്കും. ഓണക്കളി, വള്ളംകളി, മുതലായ കേരളീയ സാമുദായികവിനോദങ്ങൾക്കോ, കിള, ഞാറുനടവു, തേക്കു്, കൊയ്ത്തു് തുടങ്ങിയ കാർഷിക തൊഴിലുകൾക്കും ഉപയോഗിച്ചുപോന്നവയാണു സാമുദായികവും തൊഴിൽപരവുമായ പാട്ടുകൾ.

ഈ നാടോടിപ്പാട്ടുകളെ പൊതുവെ വടക്കൻപാട്ടെന്നും, തെക്കൻപാട്ടെന്നും രണ്ടായി വിഭജിക്കാം. ഇന്നു "വടക്കൻപാട്ടുകൾ" എന്ന പേരിൽ പ്രഖ്യാതമായിരിക്കുന്നതു്, പ്രധാനമായി തച്ചോളിപ്പാട്ടുകളും ആരോമൽ ചേകവർ, കോമപ്പൻ തുടങ്ങിയ വീരന്മാരെക്കുറിച്ചുള്ള ചില പാട്ടുകളുമാണു്. ഇവിടെ വടക്കൻപാട്ടെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു് അതുമാത്രമല്ല, ഭദ്രകാളിപ്പാട്ടു് സർപ്പപ്പാട്ടു്, ബ്രാഹ്മണിപ്പാട്ടു്, യാത്രക്കളിപ്പാട്ടു മുതലായി സാഹിത്യചരിത്രത്തിൽ സ്ഥലംപിടിച്ചുകാണുന്ന മിക്ക പാട്ടുകളും അതിൽ ഉൾപ്പെടുന്നു. ചുരുക്കി പറഞ്ഞാൽ ദക്ഷിണതിരുവിതാംകൂറിലെ പാട്ടുകളെ തെക്കൻപാട്ടുകളെന്നും കേരളത്തിന്റെ ഇതരഭാഗങ്ങളിലുള്ളവയെ വടക്കൻപാട്ടുകളെന്നും ഇവിടെ വ്യവഹരിക്കുന്നു. ചാമുണ്ഡികഥ, മതിലകത്തുകഥ, ഇരവിക്കുട്ടിപ്പിള്ളപ്പോരു്, നീലികഥ, ശാസ്താംകഥ, മാടമ്പുകഥ, വെട്ടുമാവുത്തൻപോരു്, കേരളവർമ്മതമ്പുരാൻ പാട്ടു്, രാമേശ്വരംയാത്ര, അഞ്ചുതമ്പുരാൻപാട്ടു്, കന്നുനമ്പിമാർപാട്ടു്, അമ്മൻകഥ, മാരിഅമ്മൻ കഥ, ചിന്നണഞ്ചാംകഥ, മാരിഅമ്മൻകഥ, ചിന്നണഞ്ചാംകഥ, പുരുഷാദേവി കഥ, പൊന്നറത്താം കഥ, കോവാപ്പിള്ളലിവാൻ പോരു്, മാർത്താണ്ഡവർമ്മതമ്പുരാൻപാട്ടു മുതലായി നിരവധി പാട്ടുകൾ തെക്കൻപാട്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. ഈ

പാട്ടുകളിൽ സവിശേഷമായ പരിഗണനയെ അർഹിക്കുന്ന അനേകം ശാസ്ത്രഗാനങ്ങളും ഉണ്ട്. വൈദ്യം അതിൽതന്നെ പ്രധാനമായി മർമ്മം, ജ്യോതിഷം, സർവ്വപ്രധാനമായി രേഖാശാസ്ത്രം മുതലായവയെ അധികരിച്ചുള്ള നിരവധി പാട്ടുകൾ ഇവിടെ പ്രചാരത്തിൽ ഇരിക്കുന്നുണ്ട്. ഉദാഹരണത്തിന്,

"പാടിനാർ നാളികക്കമുൻപതാകെ
വൻപുടനെ ഉളുക്കുമുറൈ പതക്കംകേളു
നാടിയെ മറുപുറത്തിൽ കൈവിരിത്തു
നൻറാകവേ അടിക്കമൊരെട്ടു കേളു
ഓടിയെ ഒരുച്ചാൺനീളത്തിൽത്താൻ
ഉച്ചതിയെ അടിത്തെത്തട്ടുത്തു ഇരുത്തികൊണ്ട്
തേടിയെ കാറ്റുരങ്കും പുറകവെത്തു
തിടമാക ഊത ഉയിർത്തിടവും പാര്",

എന്ന മർമ്മശാസ്ത്രത്തിലെയും

ഉത്തമനേ ഉള്ളം കൈകരേഖപ്പ്
ഉവ്വുതിയുടൻ മണിക്കെട്ടു തനിലിരുന്നു
ചിത്തമുടൻ ഇടുക്കുനടുവിരൽ നണിക്ക
ചിറപ്പാകപ്പോയിരുന്താൽ ശെൽവാകാപ്പു

എന്ന രേഖാശാസ്ത്രത്തിലെയും വരികൾ മതിയാകും.

കേരളീയസാമുദായികഗാനങ്ങളെ തെക്കൻ വടക്കൻ എന്നു രണ്ടായി ഇവിടെ ചെയ്ത വിഭജനം അശ്രുതപൂർവമായിരിക്കുമെങ്കിലും അയുക്തികമല്ല. ഭാഷ, പ്രതിപാദനം, ഗാനരീതി, ഗീതോപകരണങ്ങൾ, മുതലായവയിലെ അംശങ്ങളിലും, അവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വടക്കൻപാട്ടുകളിലെ ഭാഷ ചെന്തമിഴ്പദങ്ങൾ കുറഞ്ഞതും, തെക്കൻപാട്ടുകളിലെ ഭാഷ തമിഴ് കലർന്നതുമാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ശുദ്ധ മലയാളപദങ്ങൾ തമിഴ്പദങ്ങൾ സംസ്കൃതപദങ്ങൾ ഇവ മൂന്നും സമ്മേളിച്ചുള്ള തെക്കൻപാട്ടുകളിലെ ഭാഷയെ ഭാഷാമിശ്രം, മിശ്രഭാഷ എന്നിങ്ങനെ സാഹിത്യചരിത്രകാരന്മാർ പറഞ്ഞുവരുന്നു.

ലീലാതിലകത്തിൽ വിധിച്ചിരിക്കുന്നപ്രകാരം “എതുക” “മോന” എന്നിവയും രാമചരിതം കണ്ണശ്ശകൃതികൾ തുടങ്ങിയവയിലെപ്പോലെ അന്താദിപ്രാസവും, തെക്കൻപാട്ടുകളിൽ പ്രായേണ കാണാറുണ്ട്. ഈ പുസ്തകത്തിലെ മിക്ക ഭാഗവും അതിനുദാഹരണമായിരിക്കുന്നു.

തെക്കൻപാട്ടുകൾ “കേൾവിപ്പാട്ട്” എന്നും “ബാധപ്പാട്ട്” എന്നും രണ്ടിനമാണ്. അതിൽ ആദ്യത്തെ ഇനത്തിൽപ്പെടുന്നവ വിവാഹത്തിനും മറ്റും പാടിവരുന്നതും, അവയിലെ വിഷയം പ്രധാനമായി ചരിത്രപര

വും ആയിരിക്കും. രണ്ടാമത്തെ വർഗ്ഗത്തിൽപ്പെടുന്നവ ക്ഷേത്രങ്ങളിലും പരദേവതാലയങ്ങളിലും പാടിവരുന്നവയും, അവയിലെ വിഷയം ദേവതാപരവും ആണു്. രണ്ടുതരം പാട്ടുകൾക്കും ഗാനോപകരണങ്ങൾ ഒന്നുതന്നെ. വില്ലും കുടവും. ആകയാൽ തെക്കൻപാട്ടുകളെ വിൽപ്പാട്ടുകൾ (വില്ലടിച്ചാൻപാട്ടുകൾ) എന്നു പറഞ്ഞാലും വലിയ പിശകില്ല.

ഇത്തരം നാടോടിപ്പാട്ടുകൾ നമ്മുടെ ആദിമസമ്പത്താണെന്നു മുമ്പു പറഞ്ഞുവല്ലോ. ഇവ അമൂല്യസമ്പത്തുകളാണെന്നു തെളിയിക്കുവാനും പ്രയാസമില്ല.

മലയാളികൾക്ക സ്വന്തമായ സംഗീതത്തിന്റെ മനോഹരമായ ശുദ്ധരൂപം ഈ പഴയ പാട്ടുകളിലാണു കാണുന്നതു്. കർണ്ണാടകത്തിലും ഹിന്ദിയിലും മറ്റുമുള്ള നവീനവർണ്ണമട്ടുകളിൽ ഭ്രമിക്കുന്ന പുതുപ്പരിഷ്കാരികൾക്കു് ഈ പഴയ പാട്ടുകൾ ആസ്വാദ്യമല്ലാതെ വന്നേക്കാം. എന്നാൽ ഇന്ദിശ, പാടി, കാനക്കുറിഞ്ഞി മുതലായ കേരളീയരാഗങ്ങളും അടന്ത, വമ്മം, കാരിക, ലക്ഷ്മി, കണ്ടനാച്ചി തുടങ്ങിയ കേരളീയ താളങ്ങളും ഈ പാട്ടുകളിലാണു കാണുന്നതെന്ന സംഗതി അവർ സ്മരിക്കേണ്ടതാണു്.

പ്രാചീന കേരളചരിത്രം സംബന്ധിച്ച നിരവധി കാര്യങ്ങൾ ഈ പാട്ടുകളിൽ നിഗൂഢമായി കിടക്കുന്നുണ്ടു്.

പണ്ടത്തെ സാമൂഹ്യാചാരങ്ങൾ ഗ്രഹിക്കുവാനുള്ള ഏക മാർഗ്ഗവും ഈ പാട്ടുകളത്രെ. ഭാഷാചരിത്രത്തിലും സാഹിത്യചരിത്രത്തിലും ഈ പാട്ടുകൾക്കുള്ള സ്ഥാനം സർവ്വവിദിതവുമാണു്.

മനോഹരമായ സാഹിത്യകൃതികൾ എന്ന നിലയിലും ഈ പാട്ടുകൾക്കു മഹിതമായ സ്ഥാനമുണ്ടു്. വൃത്തം, അലങ്കാരം, ധ്വനി മുതലായ സംഗതികളിൽ സാഹിത്യത്തിനു പിൽക്കാലത്തുണ്ടായ വളർച്ച അത്ഭുതകരവും അഭിലഷണീയവുമാണെന്നു സമ്മതിക്കാം. അത്തരം പ്രൗഢകൃതികളുമായി താരതമ്യം ചെയ്തുകൊണ്ടു പഴയ പാട്ടുകൾക്കു സാഹിത്യഗുണമില്ലെന്നു ചിലർ പറയാറുള്ളതു ശരിയല്ല.

"വൃത്തവ്യവസ്ഥയില്ലക്ഷരവ്യക്തിയി-
ല്ലർത്ഥാപപത്തിയില്ലെന്നാകിലും
ആരാരെ കോൾമയിർ കൊള്ളിക്കില്ലീഗീതം
ആരോമൽപൈങ്കിളിക്കൊഞ്ചൽപോലെ"

എന്നു മഹാകവി വള്ളത്തോൾ പറയുന്ന ഭാഗവും ഇവിടെ ഓർമ്മേയമാണു്. വികാരോദ്ദീപനമാണു യഥാർത്ഥ സാഹിത്യത്തിന്റെ സ്വഭാവമെങ്കിൽ ഭാവാത്മകമായ വാക്യമാണു കാവ്യമെങ്കിൽ, നമ്മുടെ നാടോടിപ്പാട്ടുകളും ഉത്തമ കവിതകൾ തന്നെയാകുന്നു. കൃത്രിമമായ

അലങ്കാരങ്ങൾക്കൂടാതെ വൃത്തങ്ങളുടെ അസ്വാതന്ത്ര്യത്തിന് അധികം അടിമപ്പെടാതെ ഋജുവായി കാര്യംപറഞ്ഞുപോകുന്ന ഇത്തരം പാട്ടുകളുടെ ലാളിത്യവും ഭംഗിയും ഏതു ഹൃദയത്തെയും ചമൽക്കരിക്കുന്നതാണ്. ഇരവിക്കട്ടിപ്പിള്ളപ്പോരിൽ യുവവീരനായ ഇരവിക്കുട്ടിയുടെ മരണമറിഞ്ഞു മാതാവു മുറയിടുന്ന ഭാഗം നോക്കുക.

"ഉൻവന്ന ചാമരങ്ങളും വടിവാഴകം കാണേനേ
കാണേനേ ഉന്നമയ കുട്ടുഴകം ഒറ്റലയ്യാ
പൂത്താനനാർവഴകാ! നീ പോർക്കളത്തിൽ മടിന്തായോ
നേശമുള്ള പോർവഴകാ! നീയിറന്തപോതേനാൻ
വാചമില്ലാ പൂവാനേൻ കൊന്നിഴന്തമരമാനേൻ
ഞാണിഴന്തവില്ലാനേൻ വാക്കിഴന്ത വായാനേൻ
ഇടിപിഴന്തമരമാനേൻ ഇണവിഴന്തപ്രാവാനേൻ
തട്ടു പരിചയുമായ് താമരപ്പൂ പൊന്തിയുമായ്
വെട്ടി വിളയാട ഉനക്ക വീതിയിടംപോന്തില്ലയോ?"

ഈ ഭാഗത്തെ രസസ്ഫുരണവും ശബ്ദാത്മഭംഗിയും ഏതു സാഹിത്യത്തിനാണ് ഭൂഷണമല്ലാത്തത്? വീരരസപ്രകാശനത്തിൽ പഴയ പാട്ടുകൾക്കുള്ള മേന്മ ഒന്നു വേറെ തന്നെ. ഈ പാട്ടിലെ ഒൻപതാംഭാഗം ഇതിനു മതിയായ തെളിവുനൽകുന്നു.

ഇത്ര പ്രാധാന്യം അർഹിക്കുന്ന ഈ പാട്ടുകളിൽ അധികവും ഇനിയും അച്ചടിയിൽ വരാതെ പഴയ വീടുകളിലുള്ള ഇരുട്ടുമുറികളിൽ ഓലകളിൽ കിടന്നു "പാററക്കു തീററിയായും" ചിതലിനുമുതലായും നശിച്ചുപോകയാണു". പാശ്ചാത്യപണ്ഡിതനായ മി. ആർണോൾഡ് ബേക്ക് കേരളത്തിൽ വന്നു് ഇവിടത്തെ പഴയപാട്ടുകൾ ശേഖരിക്കുകയും അവ പഠിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും കേരളീയർ ഈ അനർഘരത്നങ്ങളിൽ അവജ്ഞയേയും അശ്രദ്ധയും ഭാവിക്കുന്നതുകണ്ടുമനസ്സല്ലാതെ എന്തുപറയട്ടെ! രാജശ്രീ ചേലനാട്ട് അച്യുതമേനോൻ B. A., P. H. D. (London) എനിക്കയച്ച ഒരു കത്തിൽ ഇങ്ങിനെ പറയുന്നു. "നാടോടിപ്പാട്ടുകളിൽ താങ്കൾക്കുള്ള ശ്രദ്ധയെക്കുറിച്ചു ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഇവയാണു കേരളീയരുടേയും അവരുടെ സംസ്കാരത്തിന്റേയും ശരിയായ അസ്ഥിവാരം എന്നറിയാത്തവർ നമ്മുടെ ഇടയിൽ—അഭ്യസ്തവിദ്യരും—അനേകം പേരുണ്ടു്. അവരെ കാണുമ്പോഴാണു് വഴിപിഴച്ച നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ചു വ്യസനം തോന്നുന്നതു്."

ഇത്തരം പാട്ടുകളെ വെളിച്ചത്തു കൊണ്ടുവരുവാൻ അടുത്തകാലത്തു പലരും പ്രശംസനീയമായ പരിശ്രമം

ചെയ്തിട്ടുണ്ട്. ബ്രഹ്മശ്രീ മഹാകവി ഉള്ളൂർ, ശ്രീമാൻ സി. പി. ഗോവിന്ദപ്പിള്ള, ശ്രീമാൻ സി. അച്ചുതമേനോൻ തുടങ്ങിയവരുടെ പേരുകൾ പ്രത്യേകം 'പ്രസ്താവ്യമാണ്'. വിദ്യാഭിവർദ്ധിനി, മംഗളോദയം മുതലായ മുദ്രണാലയങ്ങളും ഈ വിഷയത്തിൽ ചെയ്തിട്ടുള്ള പരിശ്രമം അഭിനന്ദനീയമാണ്. മദ്രാസ്, തിരുവിതാംകൂർ സർവ്വകലാശാലകൾ ഈ വിഷയത്തിൽ ചെയ്യുന്ന പ്രോത്സാഹനത്തെ സ്മരണാർഹമായ ഒരു ഭാവിയുടെ ശുഭശകുനങ്ങളായി പരിഗണിക്കുകയും ചെയ്യാം.

ഇപ്പോൾ ഞാൻ പ്രസിദ്ധപ്പെടുത്തുന്ന പാട്ടുകളെക്കുറിച്ചു രണ്ടുവാക്കുകൂടി പറയേണ്ടതുണ്ട്. ഇവയും അടുത്തുതന്നെ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന അനേകം പാട്ടുകളും, നെയ്യാറ്റിൻകര താലൂക്കിലെ കരുംകുളം പകുതിയിൽ മുളനിന്ന കാഞ്ഞിരംകുളം കിഴക്കുംമുറി പുത്തൻവീട്ടിലെക്കധിപതിയും വിൽപ്പാട്ടിനൊരു* പുലവരും ആയിരുന്ന 1109 മേടമാസം ഒൻപതാംതീയതി അറുപത്തിരണ്ടാമത്തെ വയസ്സിൽ ഇഹലോകവാസംവെടിഞ്ഞ എന്റെ വന്ദ്യപിതാവു ശ്രീമാൻ കൊച്ചുനാടാർ അവർ

* വിൽപ്പാട്ടുകാർക്കു പൊതുവേ "പുലവർ" എന്നൊരു സ്ഥാനപ്പേർ പറഞ്ഞുവരാറുണ്ട്. ഇവരിൽ പലരും നല്ല പണ്ഡിതന്മാരും കവികളും ആയിരുന്നു.

കളുടെ ഗ്രന്ഥപ്പുരയിൽ ഉണ്ടായിരുന്നവയാണ്. അതിൽനിന്നും ചാമുണ്ഡികഥ മതിലകത്തുകഥ എന്ന രണ്ടെണ്ണമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഇരവിക്കുട്ടിപ്പിള്ളപ്പോര് മൂന്നാമതായി പ്രസിദ്ധീകരിക്കുന്നതിനു തയാറായിക്കഴിഞ്ഞിട്ടുണ്ട്. സഹൃദയലോകത്തിൽനിന്നും സശ്ലാഘമായ പ്രോത്സാഹനം ലഭിക്കുന്നപക്ഷം മററു പാട്ടുകളും അചിരേണ പ്രസിദ്ധംചെയ്യുന്നതാണ്. അനവധാനതയും അസൗകര്യവുംനിമിത്തം ചില സ്ഖലിതങ്ങൾ ഇതിന്റെ അച്ചടിയിൽ സംഭവിച്ചുപോയിട്ടുണ്ട്. ഒരു രണ്ടാം പതിപ്പു പ്രസിദ്ധപ്പെടുത്തുവാൻ ഭാഗ്യമുണ്ടാകുന്നപക്ഷം മററുള്ളവരുടെ അഭിപ്രായങ്ങളെ ആസ്പദമാക്കി ആ കുറവു പരിഹരിക്കാമെന്നു സമാധാനിക്കുന്നു.

ഈ കഥകൾ ചില വിശേഷങ്ങളുണ്ട്. മറെറല്ലാ വിൽപ്പാട്ടുകളും പുലവന്മാർ മനഃപാഠമായി പഠിച്ചു പാടുകപതിവാണ്. എന്നാൽ ഈ പാട്ടുമാത്രം "ഏട്ടുവച്ചു" (ഓലനോക്കി) പാടുക എന്നതാണ് പാരമ്പര്യമായ ആചാരം. ചാമുണ്ഡി തെക്കൻദിക്കിലെ ഒരു പ്രധാന ദേവതയാണ്. മൈസൂർരാജ്യത്തിലെ കുലദേവതയും ഈ ചാമുണ്ഡിയത്രെ. ഇതിന്റെ ആദിയിൽ കാണുന്ന സ്തുതി തെക്കൻതിരുവിതാംകൂറിലുള്ള പ്രസിദ്ധമായ 12 ശിവാലയങ്ങളെക്കുറിച്ചാണ്, ശിവരാത്രിദിവസം ഒരു രാത്രി

കൊണ്ടു് ഈ 12 ശിവാലയങ്ങളിലും ഓടി ദർശനം നടത്തുക എന്നതു വലിയൊരു പുണ്യകർമ്മമായി കരുതി ഇന്നും ഭക്തന്മാർ അനുഷ്ഠിച്ചുവരുന്നുണ്ടു്.

മതിലകത്തുകഥ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെക്കുറിച്ചുള്ളതാകുന്നു. പ്രസ്തുത ക്ഷേത്രത്തിന്റെ ഉത്സവത്തെക്കുറിച്ചു് ഇന്നു പ്രസിദ്ധമായിരിക്കുന്ന ഐതിഹ്യങ്ങളിലും സ്ഥലപുരാണങ്ങളിലുംനിന്നു പല അംശങ്ങളിലും ഈ പാട്ടിലെ കഥയിൽ വ്യത്യാസം കാണുന്നു. കിഴക്കൻ ദിക്കുകളിൽ "ഉത്സപ്പിറവി" എന്നൊരു പേരുകൂടി ഈ പാട്ടിനുണ്ടു്.

ഈ ഗ്രന്ഥങ്ങളിൽ ഓരോന്നിന്റെയും അനേകം പ്രതികളും ശേഖരിച്ചു് ഒത്തുനോക്കി പകർത്തിയെടുക്കുവാൻ പല കൊല്ലങ്ങളായി ഞാൻ ശ്രമിച്ചുവരികയാണു്. നെടിയകാല ശ്രീമാൻ പൊടിയൻനാടാർ മുതലായ പുലവന്മാരും ശ്രീമാൻ പി. അനന്തൻപിള്ള എം. എ. ശ്രീമാൻ സി. ഐ. ഗോപാലപിള്ള എം. എ. മുതലായ സാഹിത്യനായകന്മാരും ഈ വിഷയത്തിൽ എന്നെ പലപ്രകാരത്തിൽ സഹായിച്ചിട്ടുണ്ടു്. പല അദ്ധ്യാപകസംഘങ്ങളിലും ഈ പാട്ടുകളെ അധികരിച്ചു ഞാൻ ചെയ്ത പ്രസംഗങ്ങളും കേട്ടു് അദ്ധ്യാപകസുഹൃത്തുക്കളും പള്ളിക്കൂ

ടത്തിൽ "വെൽഫെയറിനു" പഴയപാട്ടുകൾ പഠിപ്പിക്കണമെന്നുണ്ടായിട്ടുള്ള ഉത്തരവിന് ഇത്തരം പാട്ടുകൾ അത്യാവശ്യമാകയാൽ കഴിയുന്നതും വേഗം അച്ചടിപ്പിക്കണമെന്ന് ഉപദേശിച്ചതും, ഈക്കാര്യത്തിൽ എന്നെ ത്വരിപ്പിച്ച ഒരു വസ്തുതയാണ്.

ഈ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിൽ ഞാൻ ഭക്തിപൂർവം സ്മരിക്കുന്ന ചില കാര്യങ്ങളുണ്ട്. വിദ്യാഭ്യാസഡയറക്ടർ എന്ന നിലയിൽ ഭാഷാപോഷണത്തിനായി നിരന്തരയത്നം ചെയ്യുന്ന സഹൃദയരത്നം രാജശ്രീ എം. ഗോപാലമേനോൻ അവർകൾ എം. എ. ഇത്തരം പാട്ടുകളുടെ ശേഖരണത്തിനായി ഉത്തരവുമൂലം എന്നെ ഉത്തേജിപ്പിച്ചതും, അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റൻറു രാജശ്രീ വേലുപ്പിള്ള അവർകൾ ബി. എ. ഈ പാട്ടുകൾ വായിച്ചുകേട്ട് ഉത്തമ ദേശാഭിമാനിയുടേയും ഭാഷാഭിമാനിയുടേയും നിലയിൽ എന്നെ ഉപദേശിച്ചതും ഞാൻ സർവദാ സ്മരിക്കുന്നുണ്ട്.

മാത്രവുമല്ല തിരുവിതാംകൂർ ഗവൺമെൻറ് അച്ചടിക്കാവശ്യമുള്ള കടലാസ്സും, തിരുവിതാംകൂർ സർവകലാ

ശാല സഹായധനവും നൽകി എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിൽ എനിക്കുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഉത്തമ സാഹിത്യാഭിമാനി വിവിധ ഭാഷാപാരാവാര പാരംഗതൻ, പരജനോപകാരതല്പരൻ എന്നീ വിവിധ നിലകളിൽ പരിലസിക്കുന്ന രാജശ്രീ ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള അവർകൾ തന്റെ കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ എന്റെ പ്രവർത്തനത്തിൽ ആദ്യംമുതൽ താല്പര്യം പ്രദർശിപ്പിച്ച് ഉപദേശംകൊണ്ടും മറ്റും സഹായിക്കുകയും ഇപ്പോൾ അമൂല്യമായ ഒരവതാരിക കൊണ്ട് ഈ കൃതിയെ അലങ്കരിക്കുകയും ചെയ്തതിൽ അദ്ദേഹത്തോടുള്ള അകൈതവമായ അഭിനന്ദനം പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ സമുചിതമായ സഹായങ്ങൾ ചെയ്തുതന്നിട്ടുള്ള ശ്രീവിലാസ് പ്രസ്സ് മാനേജർ ജി. കേശവപിള്ള അവർകളോടും മറ്റു പല വിധത്തിൽ ഗ്രന്ഥങ്ങൾ നൽകിയും മറ്റും സഹായിച്ചിട്ടുള്ള സാഹിത്യാഭിമാനികളോടും ഉള്ള എന്റെ അകൈ

തവമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊണ്ടും സഹൃദയലോകത്തിന്റെ സസ്നേഹസ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടും ഈ തെക്കൻപാട്ടുകളെ കൈരളിയുടെ കാൽക്കൽ കാഴ്ചവച്ചുകൊള്ളുന്നു.

കാഞ്ഞിരംകുളം
1—10—119

എന്ന്
പ്രകാശകൻ.

കേരളസാഹിത്യ അക്കാദമി

അവതാരിക

തെക്കൻതിരുവിതാംകൂറിൽ പ്രചാരത്തിൽ ഇരിക്കുന്ന ജനകീയഗാനങ്ങളെ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തി സാഹിത്യത്തിൽ അവയ്ക്കു സമർഹമായ സ്ഥാനം സമ്പാദിക്കുന്നതിനു ശ്രീമാൻ കൊച്ചുകൃഷ്ണൻനാടാർ ചെയ്യുന്ന സ്തുത്യർഹമായ ഭാഷാസേവനത്തിന്റെ പ്രഥമഫലമാണു ചാമുണ്ഡികഥ എന്ന ഈ കൃതി. കേരളീയഗാനങ്ങളെ സാഹിത്യാന്തഃപാതികം എന്നും, സാഹിത്യേതരങ്ങൾ എന്നും വിഭാഗിച്ചു വ്യവഹരിച്ചു പോരുന്നുണ്ടല്ലോ. രാമായത്തു, കിളിപ്പാട്ടു, തുള്ളൽപ്പാട്ടു, വഞ്ചിപ്പാട്ടു തുടങ്ങിയുള്ള അനേകം ഗാനങ്ങൾ സാഹിത്യസമ്പത്തുകളായി ശോഭിക്കുന്നു. ഇവയുടെ പ്രാചീനമാതൃകയായി നിർദ്ദേശിക്കാവുന്നകൃതി രാമചരിതം ആയിരിക്കാം. എന്തുകൊണ്ടെന്നാൽ മലയാളത്തിലെ സാഹിത്യഗാനമാതൃകകളിൽ അതാണല്ലോ കാലംകൊണ്ടു പ്രാഥമ്യം വഹിക്കുന്നതായി ഇന്നറിയുന്ന ഗ്രന്ഥം. സാഹിത്യേതരവിഭാഗത്തിൽപ്പെട്ടവയാണു ജനകീയഗാനങ്ങൾ എന്നു മേൽ സൂചിപ്പിച്ച പാട്ടുകൾ ഇവയ്ക്കു സാഹിത്യബന്ധമോ സാഹിത്യഗുണ

മോ ഇല്ലെന്നുള്ളതുകൊണ്ടല്ല സാഹിത്യേതരങ്ങൾ എന്നു കല്പിച്ചതു്. പരമാൎത്ഥം ആലോചിച്ചാൽ നിഷ്കൃഷ്ടമായ അൎത്ഥത്തിൽപ്പോലും കാവ്യരസം മികച്ചുനില്ക്കുന്ന ജനകീയഗാനങ്ങൾ ചുരുക്കമല്ല. എന്നാലും ഒരു കവിയുടെ പ്രത്യേക കൃതിയായി അറിയപ്പെടാതെയും, നാട്ടാരുടെ പൊതുസ്വത്തായി പ്രചരിച്ചും, വിദ്വാന്മാരെക്കാൾ പാമരന്മാരുടെ ആരാധനയെ അൎഹിച്ചും, സാമാന്യജനങ്ങളുടെ സംഗീതസാഹിത്യരസതൃഷ്ണയെ ശമിപ്പിച്ചും, നിയമശൃംഖലയിൽനിന്നു കഴിവുള്ളിടത്തോളം ഒഴിഞ്ഞും നിലകൊള്ളുന്നതുകൊണ്ടാണു് ഇവയെ ക്ലിപ്തായതത്തിലുള്ള സാഹിത്യമണ്ഡലത്തിൽനിന്നു ഒഴിച്ചു നിറുത്തിയിട്ടുള്ളതു്. ഈ ദൃഷ്ടിയെ അവലംബിച്ചായിരിക്കണം പൂൎവ്വ ചരിത്രകാരന്മാർ ഭാഷാസാഹിത്യവിഷയകമായ പഠനത്തിൽ ഇവയ്ക്കു പ്രാധാന്യം കല്പിക്കാതിരുന്നതു് എന്നും കരുതണം. ഇങ്ങനെ പറയുന്നതുകൊണ്ടു് ഈ ഗാനങ്ങളെ പൂൎവപണ്ഡിതന്മാർ തിരസ്കരിച്ചിരുന്നുവെന്നു പറയുന്നതായി കല്പിക്കേണ്ട. വേണ്ടത്ര അവയെ പ്രമാണീകരിച്ചില്ല എന്നു മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. എന്നാൽ ഭാഷാസംബന്ധമായും സാഹിത്യസംബന്ധമായും അതുപോലെ തന്നെ ചരിത്രവിഷയകമായും കേരളീയജീവിതസമ്പ്രദായജ്ഞാനസംബന്ധമായും ഈ ഗാനങ്ങൾ സാഹിത്യഗാനങ്ങളോടൊപ്പമോ, ഏതാനുമംശത്തിൽ അവയിൽ കൂടുത

ലായിത്തന്നെയോ, ശ്രദ്ധാപൂർവ്വമായ പഠനത്തെ അർഹിക്കുന്നുണ്ട്.

ഈ ദൃഷ്ടി അവലംബിച്ചാണു കേരളീയഗാനങ്ങളെ ഈയിടെ പഠിച്ചുവരുന്നത്. കേരളദേശത്തിന്റെ ഉത്തരഭാഗങ്ങളിലുള്ള ജനകീയഗാനങ്ങൾക്കു മുൻപുതന്നെ സിദ്ധിച്ചിരുന്ന സാമാന്യ പ്രചാരം ഇത്തരം ഉള്ള ഇതര ഗാനസമ്പത്തുകളുടെ സംഭരണത്തിൽ പണ്ഡിതന്മാരുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കയും ചെയ്തു. ഇങ്ങനെ നഷ്ടപ്രായങ്ങളായ പല പഴയ പാട്ടുകളും ഈയിടെ പുനരവതാരം ചെയ്യുന്നുണ്ട്. അവയുടെ സ്വഭാവാദി ഗുണമായ കാര്യങ്ങളും, സാമാന്യമായി പറയുമ്പോൾ, ഇന്നു പലരും സമ്മതിക്കുന്നുണ്ട്. ഇത്രയും ഈ വിഷയത്തിൽ പുരോഗതി സാദ്ധ്യമായിട്ടുണ്ടെങ്കിലും തെക്കൻ തിരുവിതാംകൂറിൽ ഉള്ള അനവധി ഗാനങ്ങൾ ഇതുവരെയും അപ്രകാശിതങ്ങളായിരിക്കുന്നതേയുള്ളൂ. അവയുടെ വ്യാപ്തിയും വൈവിധ്യവും ഓർത്തുകണ്ടാൽ ഈ സ്ഥിതി ഖേദകരമാണ്. കേരളത്തിന്റെ ഇതരദേശങ്ങളിലുള്ള ഗാനമാതൃകകളിൽനിന്നു പ്രത്യേകമായ പല ഭാവങ്ങളുമുള്ള തെക്കൻപാട്ടുകൾ വടക്കൻപാട്ടുകളെപ്പോലെ തന്നെ ചരിത്രകാരന്റെയും ഭാഷാഗവേഷകന്റെയും ബഹുമാനപൂർവമായ സമ്മതിയെ അർഹിക്കുന്നതാണ്. ഈ ചിന്തകൾ ശ്രീമാൻ നാടാർ അവർകൾ

ളുടെ പരിശ്രമത്തിൻെറ പ്രയോജനത്തിൻെറയും, ആ പരിശ്രമം അർഹിക്കുന്ന പ്രോത്സാഹനത്തിൻെറയും അളവു് എത്രയെന്നു സ്പഷ്ടമാകുമല്ലോ. ഭാഷാവിഷയകമായി ഈ ഉദ്യമം സർവഥാ സ്തുത്യർഹമാണു് എന്നു നിശ്ചയമായി പറയാം. ഈ പ്രസ്ഥാനത്തിൽ വേണ്ട വിജയം കിട്ടുമെന്നു് എനിക്കു വിശ്വാസവും ഉണ്ടു്.

ഇനി തെക്കൻപാട്ടുകളെപ്പററി ഒന്നുരണ്ടു കാര്യങ്ങൾ വിശേഷിച്ചു പറയാനുണ്ടു്. വടക്കൻപാട്ടുകളെപ്പോലെ ഇതുവരെ ഇവയ്ക്കു പ്രചാരം കിട്ടാതെയിരുന്നതു് എന്തുകൊണ്ടാണു് എന്നാലോചിക്കേണ്ടതാണു്. അതിനു വിശേഷിച്ചു ചില കാര്യങ്ങൾ ഇല്ലാതെയില്ല. വടക്കൻപാട്ടുകൾ മലയാളത്തിൻെറയും മലയാളികളുടെയും തനി സ്വത്താണു്. അവ അസങ്കലിതമായ മലയാളത്തിൻെറ സംഗീതപൂർണ്ണമായ സാഹിത്യനിധികളാണു് എന്നു പറയാമെന്നു തോന്നുന്നു. ഉത്തരകേരളത്തിൽ പിറന്നു വളർന്ന ഈ ഗാനങ്ങൾ അവിടുത്തെ ജീവിതരീതിയുടെയും ഭാഷാരീതിയുടെയും ആചാരസമ്പ്രദായങ്ങളുടെയും വിശ്വാസപ്രമാണങ്ങളുടെയും മാനാവമാനബോധങ്ങളുടെയും തോററുകളെന്ന നിലയ്ക്കു കേരളത്തിൻെറ ഇതരഭാഗങ്ങളിൽ ഉള്ള ആളുകൾക്കു കേരളീയത ഗ്രഹിക്കുന്നതിനും അനുകരിക്കുന്നതിനും അതിൻെറ ശുദ്ധ രീതിയിൽ പ്രമോദിക്കുന്നതിനും കാരണങ്ങളായും പ്രചാരത്തെ അർഹിച്ചു

ശൃംഗാരമെന്നും വീരമെന്നും ഉള്ള അത്യന്തം ഹൃദയാവർജ്ജകങ്ങളായ രണ്ടു രസപദ്ധതികളാണ് ആ പാട്ടുകളിൽ മുന്തി നിൽക്കുന്നതു്. തച്ചോളിഒതേനന്റെയും ആരോമൽ ചേവകരുടെയും വീരാപദാനങ്ങളും മറ്റുചില പാട്ടുകളിൽ സവിശേഷശോഭയോടെ പ്രകാശിക്കുന്ന ശൃംഗാരമാധുരിയും ഏതു കേരളീയന്റെ ഹൃദയത്തെയും ആകർഷിക്കുന്നതിനും ചമൽക്കരിക്കുന്നതിനും ശക്തങ്ങളുമാണ്. ഈ നിലയ്ക്ക് അവയ്ക്കു കിട്ടിയ ജനസമ്മതി സർവപ്രാന്യായമാണ്. തെക്കൻപാട്ടുകൾ ഒരു അംശത്തിൽ നിശ്ചയമായും വടക്കൻപാട്ടുകളിൽനിന്നും വ്യത്യസ്തമാണ്. ശുദ്ധകേരളഭാഷയല്ല ഇവയിൽ പ്രകാശിക്കുന്നതു്. രാമചരിതം പ്രാചീനമാതൃകാരൂപം വഹിക്കുന്ന ആദ്യമലയാളം നമുക്കു സമ്മതമായിരിക്കുന്നിടത്തോളം കാലം തെക്കൻപാട്ടുകളിലെ തമിഴ്രൂപങ്ങളും തമിഴ്പദങ്ങളായ പ്രയോഗങ്ങളും എങ്ങനെ അപലപനീയങ്ങളാകും? അവ അപലപനീയങ്ങളെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. തമിഴ്നാടിനോടു ബഹുവിധമായ ബന്ധമുള്ള ദക്ഷിണതിരുവിതാംകൂറിലെ വ്യവഹാരഭാഷ ഇന്നും തമിഴ്പ്രചുരമായും തമിഴ്രൂപാന്തരണംകൊണ്ടുള്ള വൈരൂപ്യപ്രയോഗബാഹുല്യമായും ഇരിക്കുന്നവല്ലോ. ഈ സ്ഥിതി ഈ പാട്ടുകൾക്കു വടക്കോട്ടു പ്രചാരം കിട്ടുന്നതിന് അല്പം ബാധകമായിരുന്നു എന്നു പറയണം.

വടക്കൻപാട്ടുകൾ സാമാന്യമായി മലയാളികൾക്കു മനസ്സിലാക്കാൻ പ്രയാസമില്ല. തെക്കൻപാട്ടുകളിൽ ഒന്നും തന്നെ ആ ഭാഷയിൽ സാധാരണമായ പരിചയമെങ്കിലും ഇല്ലാത്തവർക്ക് പൂർണ്ണമായി ആസ്വദിക്കാൻ സാധ്യമല്ല. ഇതാണ് ഈ പാട്ടുകൾക്ക് അന്യഥാ സിദ്ധമാകേണ്ടിയിരുന്ന പ്രസിദ്ധിക്കു വിഘാതമായി നിന്ന ഒരു പ്രധാന സംഗതി. ഈ പാട്ടുകൾ പ്രത്യേകം ഉപകരണങ്ങളുടെ സാഹായ്യംകൊണ്ട് പ്രത്യേക അവസരങ്ങളിൽ പ്രയോഗിക്കുന്നതിന്ന ദക്ഷിണതിരുവിതാംകൂറിൽ ചിലർ അഭ്യസിച്ചുവന്നു. ആ ഉപകരണവിധാനങ്ങളും അതിൽ ഉള്ള പ്രയോഗപരിചയവും വടക്കോട്ട് ഇല്ലാതെയും ഇരിക്കുന്നു. വില്ലടിച്ചാൻപാട്ടുകളുടെ സ്ഥിതിയാണ് ഇവിടെ പ്രത്യേകം പരാമർശിക്കുന്നത്. ഇതിൽ സാമർത്ഥ്യമുള്ള പുലവന്മാർ ഈ തരത്തിലുള്ള സംഗീതപ്രയോഗം ചെയ്യുമ്പോൾ അതിൽനിന്ന് ഉണ്ടാകുന്ന രസികത അത്യന്തം ആകർഷണീയമാണ്. എന്നാൽ വില്ലടിപ്രയോഗത്തിനു ബാഹ്യപരിചയവും സമ്പ്രദായപരിശീലനവും ആവശ്യമാണ്. ഇത്രയും പ്രധാനം അല്ലെങ്കിലും വേറൊരു കാര്യംകൂടി പറയുന്നതാണ്. തെക്കൻപാട്ടുകളുടെ വിഷയവും അതിന്റെ പ്രതിപാദനവും കേരളത്തിന്റെ ഇതരദേശങ്ങളിൽ വേണ്ടപോലെ അറിയപ്പെട്ടവയല്ല. അവ ജനകീയസംസർഗ്ഗംകൊണ്ട് ഉത്തരദേശങ്ങളിലേയ്ക്കു പ്രചരി

ക്കെത്തക്കവണ്ണമുള്ള സ്ഥിതി മുൻകാലങ്ങളിൽ ഉണ്ടായിരുന്നുമില്ല. ഇങ്ങനെ പലപ്രകാരത്തിൽ ഇവയുടെ പ്രചാരഹീനതയ്ക്കു കാരണങ്ങൾ കല്പിക്കാവുന്നതാണ്; എന്നിരുന്നാലും, ഇന്നത്തെ ദൃഷ്ടിയിൽ ഈ കാരണങ്ങൾ ഒന്നും അവയുടെ അപ്രകാശിതസ്ഥിതിക്കു ന്യായഹേതുക്കളായി ഗണിക്കാവുന്നതല്ല. കേരളചരിത്രത്തിലും കേരളഭാഷയിലും വ്യാപ്തമായ ജ്ഞാനം ആവശ്യമെന്നു കല്പിച്ച് അതിനു വേണ്ട പരിശ്രമങ്ങൾ ചെയ്യുന്ന ഇക്കാലത്തു തെക്കൻപാട്ടുകളുടെ ഉദ്ധാരണത്തിനും പ്രചാരണത്തിനും ഗൗരവമായ ശ്രദ്ധയും ശ്രമവും നിശ്ചയമായി ആവശ്യമാണ്.

മററു പലരെയുംപോലെ ഞാനും തെക്കൻപാട്ടുകൾ പഠിച്ചുകൊണ്ടാണു കേരളീയഗാനസാഹിത്യത്തിൽ ശ്രദ്ധ പതിക്കാൻ തുടങ്ങിയത്. അവയുടെ ആകർഷണീയത എന്നെ സംബന്ധിച്ചിടത്തോളം വളരെ സാരവത്തായിരുന്നു. മലയാളസാഹിത്യം അഭ്യസിക്കുന്നവർ സംസ്കൃതമാതൃകയിൽ വാർത്തെടുത്തിട്ടുള്ള ഗംഭീര സാഹിത്യകൃതികളിൽ ശ്രദ്ധപതിപ്പിച്ചു വിരമിച്ചാൽ പോരാ എന്നും കേരളീയതയുടെ പ്രസ്ഫുരണംകൊണ്ടു വിശിഷ്ടമായ നാടോടിപ്പാട്ടുകളെ തിരഞ്ഞുപിടിച്ച് അവയുടെ വിലയുടെ അറിവു വരുത്തേണ്ടതാണെന്നും എനിക്കു വിശ്വാസമായി. ഗംഭീരമായ സാഹിത്യപ്രസ്ഥാനങ്ങളോട് ഒരു

വെല്ലുവിളിയല്ല ഇവിടെ ചെയ്യുന്നതു്. നിശ്ചയമായും മററാരെപ്പോലെയും അവയോടു് എനിക്കുള്ള ആദരവു് ഗാഢമാണെന്നതാണു്. എന്നാൽ കേരളീയഗാനങ്ങൾ സാഹിത്യകൃതികളായി ഉത്തമമല്ല, ഭാഷയുടെ ചില പ്രത്യേക സ്വത്തുകൾ എന്ന നിലയ്ക്കാണു ബഹുമാനത്തെ അർഹിക്കുന്നതു്. ഓരോ വടക്കൻപാട്ടും മനസ്സിരുത്തി പഠിച്ചതോടുകൂടി അവയിൽ എനിക്കുള്ള താല്പര്യം കൂടിവരികയും, അതിന്റെ ഫലമായി ഈഭാഗങ്ങളിൽ ഉള്ള ജനകീയഗാനങ്ങൾ അഭ്യസിക്കുന്നതിനു് ആഗ്രഹം ഉണ്ടാകുകയും ചെയ്തു. ആ വിധത്തിലാണു തെക്കൻപാട്ടുകൾ സംഭരിക്കുന്നതിനു ശ്രമിച്ചുതുടങ്ങിയതു്. അതിൽ എന്റെ യത്നം പ്രധാനമായി പതിഞ്ഞതു സാഹിത്യത്തിലെന്നവണ്ണം തിരുവിതാംകൂർചരിത്രത്തിലും പ്രാധാന്യം അർഹിക്കുന്ന ഇരവിക്കുട്ടിപ്പിള്ളപ്പാട്ടു സമ്പാദിക്കുന്നതിനായിരുന്നു. ആ ശ്രമത്തിൽ പല താളിയോല മാതൃകകളും സമ്പാദിക്കുന്നതിനും അവ പരിശോധിക്കുന്നതിനും അങ്ങനെ തെക്കൻപാട്ടുകളെപ്പററി പ്രത്യേകമായി പഠിക്കുന്നതിനും ഇടവന്നു. ഗാനസംഭരണത്തിൽ നിരന്തരമായ സാഹായം ചെയ്യുന്ന ശ്രീമാൻ കൊച്ചുകൃഷ്ണൻനാടാരുമായി ആയിരുന്നു ഞാൻ പരിചയിക്കാൻ ഇടവന്നതു്. ഈ വിഷയത്തിൽ അതുവരെ വ്യതിരിക്തമായിരുന്ന ഞങ്ങളുടെ പരിശ്രമങ്ങൾ പിന്നീടു് ഏതാണ്ടു് ഒന്നുചേർന്നു് ഒരു സംഗാ

യമുനാ സമ്മേളനം പ്രാപിച്ചിട്ടാണ് ഇപ്പോൾ പ്രസരിക്കുന്നത് എന്നു പറയാം. ശ്രീമാൻ നാടാർ അവർകളിൽനിന്നു തെക്കൻപാട്ടുകളെപ്പററി സ്ഥലവാസിയായ ഒരാൾക്കു മാത്രം അറിയാവുന്ന കാര്യങ്ങൾ ഗ്രഹിക്കുന്നതിന് എനിക്കു സാധിച്ചു എന്നതിനു പുറമേ, ഇരവിക്കുട്ടിപ്പിള്ളപ്പാട്ടു സമ്പൂർണ്ണമാക്കുന്നതിനും സൗകര്യമായി. ഇത്രയും പറഞ്ഞതു് ഈ വിഷയത്തിൽ ശ്രീമാൻ നാടാർ എത്ര ബുദ്ധിമുട്ടിയിട്ടുണ്ടെന്നും അതിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നുണ്ടെന്നും നേരിട്ടുള്ള അറിവുകൊണ്ടു് എനിക്കു പറയാൻ സാധിക്കും എന്നു കാണിക്കാൻ ആണ്.

തെക്കൻതിരുവിതാംകൂറിൽ പ്രചാരത്തിൽ ഉള്ള പ്രധാനപ്പെട്ട എല്ലാ പാട്ടുകളും യഥാവസരം പ്രകാശിപ്പിക്കാനാണു ശ്രീമാൻ നാടാരുടെ ഉദ്യമം. ചാമുണ്ഡികഥ എന്ന പ്രസ്തുത കൃതി ആ ഗ്രന്ഥമാലയിൽ ആദ്യത്തേതാണു്. കേരളത്തിൽ സർവപ്രചാരമുള്ള ചാമുണ്ഡികഥ ദേശസംബന്ധമായ വ്യത്യാസങ്ങളോടുകൂടി ഈ കൃതിയിൽ കാണുന്നു. ഇതിലെ ഇതിവൃത്തം പ്രത്യേകമായി കൊടുത്തിട്ടുള്ളതുകൊണ്ടു് ഇവിടെ വിവരിക്കുന്നില്ല. ഈ പാട്ടിനു ഭദ്രകാളിപ്പാട്ടുമായിട്ടുള്ള താരതമ്യപഠനം ഭാഷാപണ്ഡിതന്മാർ ചെയ്യുന്നതു പ്രയോജനമായിരിക്കും. പാണ്ടിനാട്ടിനെക്കൂടി സംബന്ധിക്കുന്ന പരാ

മർശങ്ങൾ ഇതിൽ കാണുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. എന്റെ അന്വേഷണത്തിൽ വില്ലടിച്ചാൻപാട്ടുകൾ പാണ്ടിയിൽ ഉണ്ടായതെന്നാണ് അറിയുന്നതു്. തിരുനെൽവേലിയിൽ മറവരുടെയും മററും ഇടയിൽ യക്ഷി കഥകളായും മററും വില്ലടിച്ചാൻപാട്ടു പ്രചാരത്തിൽ ഇരിക്കുന്നുണ്ടെന്ന് ആ ദേശങ്ങളിൽനിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ കാണുന്ന പാണ്ഡ്യ ദേശപരാമർശങ്ങളും ഈ കഥ ആ ദേശത്തുതന്നെ ഉണ്ടായതായിരിക്കാമെന്ന സൂചിപ്പിക്കുന്നതായി കരുതത്തക്കതോ എന്നും സംശയിക്കണം. എന്നാൽ ഈ പാട്ടിന്റെ കർത്താവായ പുലവൻ നെയ്യാററിൻകര താലൂക്കിൽ പരിത്തുവയ്യൂർ എന്ന സ്ഥലത്തിന് അടുത്തു ജീവിച്ചിരുന്ന ആളായിരുന്നതായി ഊഹിക്കാൻ പാട്ടിൽതന്നെ സൂചനയുണ്ടു്.

നാടോടിപ്പാട്ട് എന്ന് ആദ്യമേതന്നെ കല്പിച്ച ഈ കഥയ്ക്കു് ഇങ്ങനെ ഒരു പ്രത്യേകം കർത്തൃത്വം കല്പിച്ചതിനെപ്പററി ഒരു വാക്കുകൂടി ഇവിടെ പറയാനുണ്ട്. ഈ പാട്ടുകൾ എല്ലാംതന്നെ ഓരോ പുലവന്മാർ ഉണ്ടാക്കിയവയാണെന്നു സംശയിക്കാനില്ല. എന്നാൽ ആദിമാതൃകയായി അവർ ഉണ്ടാക്കിയിട്ടുള്ള ഗാനതന്തുവിനെ ഓരോ പാട്ടുകാരും ഓരോ വിധത്തിൽ പരിഷ്കരിച്ചും

വിപുലപ്പെടുത്തിയും പാടാറുള്ളതുകൊണ്ടു ഗാനത്തിന്റെ മൂലസ്വരൂപവും ഇന്നു് ഉപലബ്ധമാകുന്ന സ്വരൂപങ്ങളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടു്. ഓരോ പാട്ടിനെ തന്നെ ഇന്നു് അനേകം പാഠങ്ങൾ ഉണ്ടായിരിക്കുന്നതിനു ഹേതു ഇതു തന്നെയാണു്. കഥയുടെ ഓരോ ഭാഗത്തെ തന്നെ ഭിന്നപ്രകാരത്തിലും ഭിന്നശൈലിയിലും പ്രതിപാദിക്കുന്ന സമ്പ്രദായം ഈ എല്ലാ പാട്ടുകളിലും കാണുന്നുണ്ടു്. ഈ മേളഗതികളുടെ കർത്തൃത്വം ഈ പാട്ടുകൾ അന്നന്നു പ്രയോഗിച്ച ആളുകളിൽ സ്ഥിതമായിരിക്കുന്നു. ഈ വസ്തുതയാണു് ഇവയുടെ ജനകീയതാസ്വഭാവം സമ്പൂർണ്ണമാക്കുന്നതു്.

ഈ പ്രകൃതത്തിൽ തെക്കൻപാട്ടുകളുടെ കാലഗണനയെ സംബന്ധിച്ചു ചില വിവരങ്ങളുംകൂടെ പ്രദർശിപ്പിക്കാം. എണ്ണൂററിപ്പത്തിൽ ഉണ്ടായ മധുരനായിക്കന്റെ ആക്രമണത്തെ പരാമർശിച്ചുള്ള ഇരവിക്കുട്ടിപ്പിള്ളപ്പോരു തുടങ്ങിയുള്ള ചരിത്രപരമായ ഏതാനും പാട്ടുകൾ കാലഗണനയ്ക്കു വശംവദമാകുന്നു. മററു ഗാനങ്ങൾ ഇന്ന ഇന്ന കാലത്തുണ്ടായി എന്നു ക്ലിപ്തപ്പെടുത്തി പറയാൻ സാദ്ധ്യമല്ല. ആരാധനാസംബന്ധമായി പ്രധാനപ്പെട്ട ചില പാട്ടുകളുടെ ഉല്പത്തി വളരെ പ്രാചീനകാലത്തേയ്ക്കു തള്ളാവുന്നതാണു്. എന്നാൽ ഭാഷാസംബന്ധമായോ

പ്രയോഗസംബന്ധമായോ ഉള്ള തെളിവുകൾ കാലകല്പനയ്ക്കു സഹായിക്കുന്ന വിധത്തിൽ ഈ ഒരു പാട്ടുകളിലും കാണാവുന്നതല്ല. ദക്ഷിണതിരുവിതാംകൂറിലെ സാധാരണ വ്യവഹാരഭാഷ ഇന്നും ദ്രാവിഡഭാഷയുടെ മൂലസ്വരൂപത്തെ അനുസ്മരിപ്പിച്ചുകൊണ്ടു ഭാഷാചിന്തകന്മാരെ ഭ്രമിപ്പിക്കുന്നതിനു പര്യാപ്തമാണ്. ഈ സ്ഥിതിക്ക് കാലകല്പന സർവസ്വാതന്ത്ര്യമായ ഒരു ചിന്താപദ്ധതിയെ അനുസരിച്ചു ചെയ്യേണ്ടിയിരിക്കും. അങ്ങിനെ ഒരു പദ്ധതി ഈ പാട്ടുകളുടെ വിഷയത്തിൽ കണ്ടുപിടിക്കുന്നതു് എളുപ്പവുമല്ല. അതുകൊണ്ടു സാമാന്യമായി പറയുമ്പോൾ തെക്കൻപാട്ടുകൾ കാലവിചാരണയെ വെല്ലുവിളിച്ചുകൊണ്ടു നിൽക്കുന്നതായി സമർത്ഥിക്കാം. എന്നാൽ പ്രധാനപ്പെട്ട പല തെക്കൻപാട്ടുകളും രാമചരിതത്തിൽ നിന്നും അനതിവിദൂരമായ അനന്തരകാലത്തു ഉണ്ടായതായി വിചാരിക്കേണ്ടിയിരിക്കുന്നു. രാമചരിതത്തിനു തന്നെയും മാതൃകാദാനം ചെയ്തുകൊണ്ടു പ്രചരിച്ചിരുന്ന പാട്ടുകൾ ഉണ്ടായിരുന്നതായിതന്നെ വിശ്വസിക്കണം. എന്നാൽ ഇന്ന് ഉപലബ്ധമാകുന്ന പാട്ടുകളിൽ ഏതെങ്കിലും അപ്രകാരമൊരു പ്രാചീനത അവകാശപ്പെടുന്നുണ്ടോ എന്നു സംശയമാണ്.

മലയാളത്തിലെ ആദിഗാന മാതൃകകൾ അന്വേഷിക്കുന്നവർക്ക് ഈ പാട്ടുകൾ എല്ലാം പ്രത്യേകം പഠനവി

ഷയമാക്കേണ്ടതാണു്. ഇവയിൽ പ്രയോഗിച്ചിരിക്കുന്ന വൃത്തങ്ങളും ഈണങ്ങളും ഏതെല്ലാം എന്നും സാഹിത്യ പ്രചാരം സിദ്ധിച്ചിട്ടുള്ള വൃത്തങ്ങളുമായി അവയ്ക്കുള്ള ബന്ധം എന്തെന്നും ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതു് ആവശ്യമാണു്. വർണ്ണനാവിഷയത്തിലും കഥാകഥനത്തിലും മററും ഈ പാട്ടുകൾ സാഹിത്യകൃതികളോടു് എത്ര താരതമ്യം വഹിക്കുന്നുണ്ടെന്നും പരിശോധിക്കണം. ഇവ ആൎയ്യസംസ്കാരത്തോടു് എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നും ഏതേതംശങ്ങളിൽ ഇവ സ്വതന്ത്ര്യങ്ങളാണെന്നും പരിഗണിക്കുന്നതും ഭാഷാവിഷയമായി പ്രയോജനകരമായിരിക്കും. ഈ പാട്ടുകളിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾ ശ്രദ്ധിച്ചു പഠിക്കുമെങ്കിൽ ഇതുവരെ ഇരുളടഞ്ഞുകിടന്ന പല ഭാഗങ്ങളും പ്രകാശിക്കാൻ ഇടയാകുമെന്നു വിശ്വാസപൂർവ്വം പറയാം.

ഈ ഗാനങ്ങൾക്കു യഥാർഹമായ സ്ഥാനം ലഭിച്ചു കാണണമെന്നു് ആശംസിച്ചുകൊണ്ടും ശ്രീമാൻ കൊച്ചുകൃഷ്ണൻനാടാരുടെ പ്രയോജനപൂർണ്ണമായ ശ്രമം അനുഗ്രഹപുഷ്ടമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും വിരമിക്കുന്നു.

തിരുവനന്തപുരം } ശൂരനാട്ടു്
25—9—1119 } പി. എൻ. കുഞ്ഞൻപിള്ള (ഒപ്പു്)

ഇതിവൃത്തം

പാലാഴിമഥനത്തിൽ ദേവാസുരന്മാർ തമ്മിൽ വിരോധമുണ്ടാവുകയാൽ അമരന്മാരെ അമൎച്ചവരുത്തുന്നതിന്ന തക്ക ബലവീൎയ്യപരാക്രമികളായ സന്താനങ്ങൾ ജനിക്കുന്നതിന്നവേണ്ടി രണ്ട് അസുരസ്ത്രീകൾ തപസ്സുചെയ്തുതുടങ്ങി. തൽഫലമായി മഹാവിഷ്ണു പ്രത്യക്ഷനായി അവരുടെ ഹിതാനുസരണമുള്ള കുഞ്ഞുങ്ങൾ ജനിക്കുന്നതിന്ന് വരം നൽകി. അതനുസരിച്ചു രണ്ടുപേരും ഓരോ കുഞ്ഞുങ്ങളെ പ്രസവിക്കുകയും, അവൎക്ക് ചണ്ഡനെന്നും, മുണ്ഡനെന്നും നാമകരണം ചെയ്യുകയുംചെയ്തു. അവർ ദൈനംദിനം വളൎന്ന് അമിതബലവീൎയ്യപരാക്രമികളായിത്തീൎന്ന് ദേവന്മാർ ചെയ്യുന്ന യാഗാദികൎമ്മങ്ങളെല്ലാം വിഘ്നപ്പെടുത്തിത്തുടങ്ങി. തന്നിമിത്തം നിൎജ്ജരൌഘത്തിനുണ്ടായ ദുഃഖം അവൎണ്ണനീയമായിരുന്നു. ആയതിനാൽ ഒരു ദിവസം ത്രിമൂൎത്തികളുടെ സന്നിധിയിൽപോയി അമരന്മാർ സങ്കടമുണൎത്തിച്ചു. ഇവരുടെ സങ്കടത്താൽ കോപിച്ച ശിവന്റെ തൃക്കണ്ണിൽനിന്നും ഭരണിനക്ഷത്രത്തിൽ "ചാമുണ്ഡി" ജാതയായി. അതുകൊണ്ട് ദേവന്മാൎക്ക് അതിയായ സന്തോഷമുണ്ടാകുകയും, അവരെല്ലാം താണു

വീണു നമസ്കരിക്കുകയും ചെയ്തു. സന്തോഷഭരിതയായിച്ചമഞ്ഞ ചാമുണ്ഡി സ്വപിതാവിനോട്, തന്നെ സൃഷ്ടിച്ചതിനുള്ള കാരണമെന്തെന്നു ചോദിച്ചു. ദേവന്മാരുടെ യാഗാദികൎമ്മങ്ങൾ വിഘ്നപ്പെടുത്തിവരുന്ന ചണ്ഡമുണ്ഡന്മാരെ നിഗ്രഹിക്കുന്നതിനാണു ജനിപ്പിച്ചതെന്നു ഉണൎത്തിക്കയാൽ അവരുടെ സന്നിധിയിലേക്കു ദേവി അനുചരരോടുകൂടി കോപാതിരേകത്തോടെ തൽക്ഷണം യാത്രയായി. അസുരന്മാരുടെ താമസസ്ഥലമായ വട്ടക്കോട്ടയ്ക്കടുത്തുചെന്നു ഓരോ അധിക്ഷേപവചനങ്ങൾ പറഞ്ഞു സമരത്തിനു വിളിച്ചുതുടങ്ങി. ഇതു കേട്ടു ക്ഷുഭിതരായിച്ചമഞ്ഞ അസുരന്മാർ സമരസന്നദ്ധരായി. അതിഘോരമായ യുദ്ധം ഇരുകൂട്ടരും ചെയ്തു. ഒടുവിൽ ചാമുണ്ഡി അസുരന്മാരെ നിഗ്രഹിച്ചു.

ഇപ്രകാരം അസുരനിഗ്രഹം ചെയ്തു ദേവന്മാരുടെ സങ്കടത്തിനുപരിഹാരം വരുത്തിയതിനുശേഷം, പിതൃസന്നിധിയിൽപോയി ദേവി വിവരം ഉണർത്തിച്ചു. തൽസമയം, സന്തോഷഭരിതനായിച്ചമഞ്ഞ ശിവൻ അവരെ പ്രീതിപ്പെടുത്തുന്നതിന് മലനാട്ടിൽ സഞ്ചരിക്കാനും ജനങ്ങൾ നൽകുന്ന ബലിപൂജാദികൾ സ്വീകരിച്ചു നാട്ടിനെ രക്ഷിക്കാനുമുള്ള വരം നൽകി. അനന്തരം ദേവി കാഞ്ചീപുരത്തിൽ ചെന്നുചേർന്നു. അവിടെനിന്നും ഇടവഴിമാറ്റും

വട്ടപ്പാളയം, തുളിച്ചപുരം, കരമംഗലം, ഊത്തുവാരം വെട്ടപ്പുരം, ഉദ്വാരംവെട്ടപ്പുരം, ഉത്തങ്ങനൂർവട്ടം, മണപ്പുത്തൂർ, ബാലകണ്ണനായ്ക്പുരം, ചെട്ടിയാർപുരം, കണ്ണനൂർ മുതലായ സ്ഥലങ്ങൾ കടന്ന് തൃശ്ശിനാപ്പള്ളിയിൽ എത്തി. അവിടെനിന്നും, മണിയകംകറിച്ചി, ഉടവാരം വെട്ടപുരം. എറനല്ലൂർ, മുതലായ സ്ഥലങ്ങൾ കടന്ന് അവിടെയുള്ള വിശേഷങ്ങളെല്ലാം വീക്ഷിച്ചു വീക്ഷിച്ച് മധുരയിലെത്തി. തങ്ങളുടെ സഞ്ചാരത്തിൽ മധുരയ്ക്കു തുല്യം മറ്റൊരു സ്ഥലമില്ലെന്ന കാണുകയാൽ വൈഗ ആററിലിറങ്ങി സ്നാനം ചെയ്തശേഷം, ഓരോ ക്ഷേത്രങ്ങളെ ദർശിച്ച് പ്രതിഷ്ഠാമൂർത്തികളെ വന്ദിച്ചു തുടങ്ങി.

അനന്തരം, തങ്ങൾ വന്നിട്ടുണ്ടെന്നുള്ള വിവരം ആ രാജ്യവാസികളെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി കാളറാ, മസൂരി, മുതലായ രോഗങ്ങളെ വ്യാപരിപ്പിച്ചു അവർ ജനങ്ങളെ നിഗ്രഹിച്ചു. ബ്രാഹ്മണർ, ചെട്ടികൾ, കുറവർ, കൊള്ളവർ, മറവർ മുതലായ ജാതിക്കാർ താമസിച്ചിരുന്ന ഗ്രാമങ്ങളിൽ ഇവർ പ്രവേശിച്ച് സ്ത്രീകൾ, ഗർഭിണികൾ, കുഞ്ഞുങ്ങൾ, കന്നുകാലികൾ മുതലായ സകലരെയും സംഹരിച്ചുതുടങ്ങി. ഏതൽപര്യന്തം നിരുപദ്രവമായിരുന്ന മധുരയിൽ ഈ ദുശമുള്ള മരണം സംഭവിക്കുക

യാൽ ദുരിതരായിച്ചമഞ്ഞ ജനങ്ങൾ രാജസന്നിധിയിൽ പോയി സങ്കടമുണർത്തിച്ചു. തൽക്ഷണം, രാജകല്പനയനുസരിച്ച് കണിയാരെവരുത്തി പ്രശ്നം വയ്പിച്ചു. കണിയാർവച്ച ആദ്യരാശിയിൽ തന്നെ അവിടെ വന്നിട്ടുള്ള ദേവതമാരുടെ പേരുവിവരവും മററും ഉണർത്തിക്കുകയാൽ, അനന്തരകരണീയമെന്താണെന്ന് രാജാവ് ആരാഞ്ഞുതുടങ്ങി. 'മാനാമധുരയിലുള്ള മധുരമന്തിരനെക്കൊണ്ടുവന്ന് ഈ ദേവതമാരെ പിടിച്ചുകെട്ടിയല്ലാതെ നാട്ടിന രക്ഷയുണ്ടാകുന്നതല്ലെന്ന് അഭിപ്രായപ്പെടുകയാൽ അദ്ദേഹത്തെ വരുത്തി. "കോലശലമന്നൻ" അപ്രകാരം ചെയ്യിച്ചു. അതിൻപ്രകാരം ചാമുണ്ഡി, മാനാമധുരയിൽ മധുരമന്തിരന്റെ ഗൃഹത്തിലെ പരദേവതയായിത്തീർന്നു.

ഇതിന്റെ ഉപകഥയായിപ്പറയുന്ന മറെറാരു ഭാഗമാണ്, "മാരിയാട്ടുംപെരുമാള്"ടെ കഥ. പാണ്ടിനാട്ടിൽ ചാമുണ്ഡി പരദേവതയായിത്തീരുന്നതിനിടയായ വൃത്താന്തമാണ് ഇതിലെ പ്രതിപാദ്യവിഷയം. വൈകയിലെ പടവീട്ടിൽ "കൊന്തലറിമല്ലൻ മണിവേന്തൻ" ചതുരംഗപ്പടയോടുകൂടി രാജ്യഭാരം ചെയ്തുവരുന്നകാലത്ത്, തെൻതെരുവും വടതെരുവും വച്ച് ദേവന്മാർ വസിക്കുകയായിരുന്നു. അതിൽ തെൻതെരുവ് അഭിവൃദ്ധിയാർന്നതും വടതെരുവ് അല്പം കുറഞ്ഞതുമാണ്. തെൻതെരു

വിലെ താമസക്കാരനായ ചിതംപരരാവുത്തക്ക് കുഞ്ഞുങ്ങളില്ലാത്തതിനാൽ വൈഗഭഗവതിയുടെ സന്നിധിയിൽ തപസ്സിരുന്നു, പൈങ്കുനി (മീനം) മാസം 12-ാംനു- വെള്ളിയാഴ്ച ഉത്രംനക്ഷത്രത്തിൽ ചതുർത്ഥി പക്കത്തിൽ ഒരു കുഞ്ഞിനെ പ്രസവിക്കുകയും അതിന് മാരിയാട്ടംപെരുമാൾ എന്ന് നാമകരണം ചെയ്യുകയും ചെയ്തു വിദ്യാഭ്യാസകാലമായപ്പോൾ ഗ്രന്ഥാക്ഷരം, മലയാഴ്മ, തമിഴ്, തുളു, ആര്യം, കർണ്ണാടകം മുതലായ ഭാഷകൾ പഠിപ്പിക്കുകയും ഏഴാംവയസ്സുമുതൽ ആയുധവിദ്യ പരിശീലിപ്പിക്കുകയും ചെയ്തുവന്നു. അതു മുഴുവൻ സ്വായത്തമാക്കിയശേഷം, സ്വകുടുംബത്തൊഴിലായ അശ്വസവാരിയിൽ അദ്വിതീയനായിത്തീർന്നു. മാരിയാട്ടം പെരുമാളിന്റെ ഈവിധമുള്ള വിദ്യാഭ്യാസത്തിൽ സന്തുഷ്ടനായിച്ചമഞ്ഞ ചിതംപരരാവുത്തർ മകന്റെ പാടവം മററുള്ളവരെ ധരിപ്പിക്കണമെന്നു നിശ്ചയിച്ചു അക്കാലത്തു കീർത്തിമാനായിരുന്ന ഒരു പരദേശിയെ വരുത്തി മത്സരിപ്പിച്ചു. പൊതുജനമദ്ധ്യത്തിൽവച്ചുതന്നെ അദ്ദേഹത്തെ തോല്പിച്ച് പെരുമാൾ കൈയ്ക്ക് വീരശ്ശൃംഖല വാങ്ങി.

ഈ സംഗതി ക്ഷണത്തിൽ കാട്ടുതീപോലെ നാടെങ്ങും വ്യാപിച്ചു. താമസംവിനാ മധുരാധിപതിയായ കൊന്തലമരിമല്ലൻമണിവേന്തന്റെ ശ്രവണപുടങ്ങളിലും

പതിന്നു. തൽക്ഷണം അയച്ച് ചിതംപരരാവുത്തരെയും മകനായ മാറിയാട്ടംപൊതുമാളെയും വരുത്തുകയും പൊതുമാളെ 12 രാവുത്തന്മാർക്ക് മേലാവായി നിയമിക്കുകയുംചെയ്തു. വടക്കെതെരുവിൽ ഇദ്ദേഹം അതികീർത്തിയോടുകൂടി പല വിജയങ്ങളും കരസ്ഥമാക്കി താമസിക്കുകയാൽ, തെൻതെരുവുകാർ അസൂയാകലുഷിതരായിത്തീർന്ന് ഒരു ദിവസം ഇവരെല്ലാം ഒരുമിച്ച് മാറിയാട്ടംപ്പൊതുമാരോട്ട് മത്സരിക്കണമെന്നു നിശ്ചയിച്ചു. പൊതുജനമദ്ധ്യത്തിൽ പയറ്റുവിദ്യ കാണിക്കുന്നതിന് വരണമെന്നു ഓലയെഴുതി പൊതുമാർക്കയച്ചു. അദ്ദേഹം കത്തിലെ വിവരം പാണ്ടിരാജാവിനെ അറിയിച്ചു. രാജാവ് ഇതിന് അനുവദിക്കുകയും അപ്രകാരം ഓലയെഴുതി അയച്ച തെന്നുരാൻകട്ടിരാവുത്തരെ ക്ഷണിച്ചു വരുത്തുകയും ചെയ്തു. വാറംപിടിച്ചു കരം വെട്ടിവീഴ്ത്തുന്നതിന് യത്നിച്ചാൽ അതിൽ ഒഴിഞ്ഞു മാറുകയാണെങ്കിൽ ജയിക്കുമെന്ന് രാവുത്തരും നെഞ്ചിൽ കുത്തിയാൽ അതേൽക്കാതെ ഒഴിഞ്ഞു മാറുകയാണെങ്കിൽ ജയിക്കുമെന്നു പൊതുമാളും കരാറുചെയ്കയാൽ അതിൻപ്രകാരം തീയതി നിശ്ചയിച്ച് പൊതുജനങ്ങളെ അറിയിച്ചു.

നിശ്ചിതദിവസം, മറവർ, ചാന്റോർ, വടുവർ, തുലുക്കർ, ഇടയർ, തെലുങ്കർ, പാണ്ട്യർ, തച്ചർ, കൊല്ലർ,

പട്ടാണികൾ, കറവർ, ചലിപ്പർ, കൊങ്ങിണികൾ, ഈഴവർ, നാശിയർ, കവിറേർ, കടമാടികൾ, മാരാർ, മുക്കവർ, നായന്മാർ, വാണിയർ, വണ്ണാർ, പരദേശികൾ, കരവാണിയർ, ഒട്ടിയർ, പട്ടർ, കലവാണിയർ, പരവർ, തോൽവാണിയർ, ചീനർ, പണിക്കർ, മുതലായ ജാതിക്കാർ വന്നുകൂടി. ഇപ്രകാരം ജനനിബിഡമായിരിക്കുന്ന സ്ഥലത്ത്, പാണ്ടിരാജാവും എഴുന്നള്ളി ആസനസ്ഥനായി. അലകടൽ ഇളകിമറിയുംവിധമുള്ള ഇരുവരുടെയും ആയുധമുറകൾ കണ്ട് കാണികളെല്ലാം ഭയവിഹ്വലരായിത്തീർന്നു. ഇങ്ങനെ പോർചെയ്തുനിൽക്കെ, മുൻനിശ്ചയപ്രകാരം തമ്പുരാൻകുട്ടിരാവുത്തർ മാരിയാട്ടുപെരുമാളുടെ കരത്തെ ലക്ഷ്യമാക്കി വെട്ടി. തൽക്ഷണം അദ്ദേഹം കടകംവെട്ടിമാറി രാവുത്തരുടെ നെഞ്ചിനെ ലക്ഷ്യമാക്കി കുത്തി. കുത്തേറ്റ രാവുത്തർ ഭൂമിയിൽ പതിച്ചു മൃതിയടഞ്ഞു. ഉടൻതന്നെ തെരുവുകാർ മൃതിയടഞ്ഞ രാവുത്തരെയെടുത്ത് സ്വനാട്ടിലേക്ക് കൊണ്ടുപോയി.

അനന്തരം മരിച്ച രാവുത്തരുടെ സഹോദരനായ കൈലാശക്കുട്ടിരാവുത്തർ, തമ്മിൽ പോർചെയ്യുന്നതിന് അവസരം ലഭിക്കണമെന്ന് പാണ്ഡ്യരാജാവിനോട് അപേക്ഷിച്ചു. ഈ കലാപത്തിന് വീണ്ടും അനുവദിച്ചാൽ ഫലം മുൻപിലത്തേതായിരിക്കും എന്നു ധരിച്ചു രാജാവ് അ

തിലേക്ക് അനുവാദം നൽകിയില്ല. ഈ നിശ്ചയമറിഞ്ഞ തെൻതെരുവു നിവാസികൾ ദുഃഖവും വൈരാഗ്യവും നിറഞ്ഞവരായി സ്വനാട്ടിലേക്ക മടങ്ങി. മാരിയാട്ടം പെരുമാളുടെ ഈ സാമത്ഥ്യത്തിൽ കൊന്തലമറിമല്ലൻ മണിമാർവന്ന് അതിയായ സന്തോഷമുണ്ടാവുകയാൽ അദ്ദേഹത്തെ ആനപ്പുറത്തു കയററി ജയഭേരി അടിപ്പിക്കുകയും, ഇറയലി മുതലായവ അനുവദിച്ചുകൊടുക്കുകയും ചെയ്തു. ദേവ ഭഗവതിയുടെ സന്നിധിയിൽപോയി കളിച്ചുതൊഴുതു് രാജധാനിയിൽ ചെന്നപ്പോൾ സ്വജാതിക്കാരെല്ലാംകൂടി അദ്ദേഹത്തിന്ന് അനുമോദനങ്ങൾ അർപ്പിച്ചു. ഇതിൽ തെൻതെരുവുകാർക്ക്, വിശിഷ്യ കൈലാശക്കട്ടിരാവുത്തർക്കുണ്ടായ അസൂയ വാചാമഗോചരമായിരുന്നു. ജ്യേഷ്ഠന്റെ കൊന്നതിനാൽ രാജാവിനും രാജ്യവാസികൾക്കും അതിയായ സന്തോഷം ഉണ്ടെന്നു കാണുകയാൽ രാവുത്തരുടെ അസൂയ പതിന്മടങ്ങു വർദ്ധിച്ചു. തൽഫലമായി പെരുമാളെ നിഗ്രഹിക്കുന്നതിനുള്ള മാർഗ്ഗം രാവുത്തർ ആലോചിച്ചുതുടങ്ങി.

ഒടുവിൽ ബാധയെവിട്ട് നിഗ്രഹിക്കണമെന്നു നിശ്ചയിച്ച് തെലുങ്കുബ്രാഹ്മണന്റെ തെക്കത്തിൽചെന്നിരുന്ന് ഗണപതി മുതലായവർക്ക് പൂജയുംചെയ്തു്. മൂന്നാച്ചപണം

കൊടുത്ത് * "പുള്ളിയെ" വാങ്ങിച്ചു. ഈ വിവരമറിഞ്ഞ രാവുത്തർ ഈ പുള്ളിയെ തടുക്കുന്നതിനു മാനാമധുര മന്തിരന്റെ ഗൃഹത്തിൽചെന്ന് മൂന്നച്ചുപണവും മൂന്നുകഴഞ്ചു പൊന്നും കൊടുത്ത് ചാമുണ്ഡിയെ വാങ്ങി കൊണ്ടുപോയി സ്വരക്ഷയ്ക്കായി വട്ടത്തെരുവിൽ പ്രതിഷ്ഠിച്ചു. എതിർകക്ഷിവിട്ട പുള്ളികളെയെല്ലാം ചാമുണ്ഡി തടുത്തുനിർത്തി. അന്നുമുതൽ ചാമുണ്ഡി പാണ്ടിരാജ്യം രക്ഷിക്കുന്നതിന് അവിടെ സ്ഥിരവാസമായി.

---

* ഒരു ജാതി പിശാച്.

ചാമുണ്ഡികഥ.

ആദ്യമായി കവി ദക്ഷിണതിരുവിതാംകൂറിലുള്ള തിരുമല, തൃപ്പരപ്പ്, തിരുനന്തിക്കര, കൽക്കുളം, തിരുവിതാംകോട്, തൃപ്പന്നിയോട്, നട്ടാലം മുതലായ ശിവക്ഷേത്രങ്ങളുടെ പ്രതിഷ്ഠകളെ വർണ്ണിച്ചതിനുശേഷം പരശ്ശുവക്കലിനെ പ്രത്യേകമെടുത്തു പറയുന്നു. ഇതിൽനിന്നും കവിയുടെ സ്വദേശം അതായിരിക്കാമെന്നൂഹിക്കാവുന്നതാണ്. ഈ പരശ്ശുവയ്ക്കൽ നെയ്യാറ്റിൻകര താലൂക്കിലുള്ളതാകുന്നു.

I ഒന്നിലേ നിന്ന് ശിവശക്തി ഉരുവാനതും
ഒക്കവേ മുമ്മൂർത്തികളാകിനാർ
കുന്നാകവേ തിരുവമ്പലത്തിലീശനാർ
കൂടവേ അരുവുരുപമതാകിനാർ
തെന്നൽപോലെൺപതിനാകുന്നായിരം
ശ്രീപത്മനാഭനാകി നിന്നതേ
മണ്ണളാട്ടംപോരമെ പൊരുളതാന മൂർത്തികൾ
മണ്ഡലമതെങ്ങും നിറൈന്തതേ

നിറചെൽവമായ് നിൻറ പൊന്നമ്പലത്തിലെ
നൃത്തമാട്ടം കറയ്ക്കണ്ടരെ
കറവെന്നിയെ തമ്മം നിനവോടിരുപ്പവർകൾ
കററമറയിപ്പുവിയിൽവാഴ്‌വരാം
അറിയാമലേ തപം ചെയ്യാത മനതർകളും
അപ്പുവിയിൽ വല്ലാതെ വാഴ്‌വരാം
തിറമാന മനതർകൾക്കെ പാപങ്കൾ തീരവെ
ശിവമൂർത്തിപൂമിയിലെഴുന്തതെ
തേശത്തിൽ മുൻപനാം തിരുമലയിൽ മഹാദേവർ
ശിവപാതം തൊഴുവൻ നാരായണാ
നേശത്തൊടുവാഴും തിരുമലയിൽത്തമ്പുരാൻ
നെഞ്ചാരവെ തൊഴുതീടിനേൻ
കാക്കിരുപ്പതാന നന്തിചോരം ഇപ്പുറപ്പിൽ ഒന്നാന
തിരുവടിവണങ്കുവോം
മാശത്തുടനെ തിരുനന്തിക്കരമേവുന്ന മഹാദേവർ
ശിവപാദം പോററുവേൻ
പോററുവേൻ തിപ്പിലാംകുടിയിൽ മഹാദേവാതരെ
പൊൽപ്പാതമെപ്പൊഴുതുമാരവെ
നീറെററണിന്തു അടികമ്പിട്ടു വാഴുന്ന
നെറചന്നിപ്പാകത്തിലീശരെ

ആററവേ കൽക്കളത്തിൽ കരെയ്ക്കണ്ടതാ
അടിയിണ കൈതൊഴുവേനെന്നോരമോ
കൂറെററ ഉതിത്തുവാഴും തിരുകമ്പത്തെക്കോമാനടി
കൂടവേ കമ്പിടുവെനെപ്പോഴും
അടിയൻ തൊഴും തിരുവിടാരാട്ടു വാഴ്ന്തിരുന്ന
ഐങ്കരർവാഴും ശിവശങ്കരേ
നെടുമാനടിയിലേ തോന്നും തിരുവിതാംകോട്ട
നാഥനെന്റു കൈപ്പൊഴുത്തുമുനിയേ.
തിരുമോട്ടുവാഴും തൃപ്പണിക്കോട്ടീശരേ
ചെപ്പമാകക്കുമ്പിടുകനെഞ്ചമേ
വടിവാനതൊരു തിരു നട്ടാലംമേവുന്ന മണിവണ്ണരെ
തൊഴുതുവാഴ്ക
വാഴുന്നഭൂമിയിൽ പ്രതിഷ്ഠചെയ്യത്തും
വടിവോട്ട പരശുരാമനെ
ആഴാചമുത്തിരത്തിൽ വാങ്കിനപൂമിയിൽ ആണ്ടളും
പരശുരാമനെ
താഴാമിൽ വില്ലുടെ പരശുവയ്താണ്ടളും
തന്നവിലം കെട്ടുള്ളമഴിന്തതേ
അയ്മാനിയം ബലവീരിയം പോനപ്പിൻപു
അരശർതാഴെക്കൊത്തുമൊരായുതം

തകരമോട്ട രാമൻ പുറന്തുന്നും അറാനല്ലോ
തൻബലം കേട്ടുള്ളഴിന്തതും
ചികമാന പിതതോരൈശ കേട്ടചൊരുത്തനാം
ചികയേറിവരങ്ങളേയും വാങ്ങിനാർ
അംശുമാലിയിൻ ബലവീരിയം പോനതും
അംശുവാൻ വൈപ്പുത്തുമൊരായുതം
പുകിയതാന വേൽ പാരുന്ന വൈരത്തോരതേശങ്കും
പുകഴ്പെരിയതെൻപെരിയഉത്തരതേ
അരിയ പുകഴാനലൊവൻ തൃക്കമലടിയിണകൾ
അൻപോട്ടു തൊഴുവേനെന്നരവും
വരിക ഉടനെപ്പോഴും എൻമനം തെളിയവേ വാഴ്ം
ഇവിടെ ഒരുവരം തന്തരുളവായ്
കരതലാകൾ ചിതമാന അമ്മതന്നുരാട്ടിയാരെ
കൈതൊഴുവാൻ എൻമനമിതാരവേ
താരമാത സൂതിരകശവനെന്നസുരനെ ചലിയാമലേ
ചെന്നുകൊന്നവൻ
വീര്യമുടനെന്നാളും അറിയവെ അവിടത്തിൽ
വിരവോട്ടു പള്ളികൊണ്ടരുളുമാം
നാരായണാതികേശവപ്പെരുമാളു നാടിയേ
എപ്പോഴും നിനൈന്നതേ

ആരവേ കമ്പിട്ടുവാഴ്വേൻ ഉൻപാതം അടിയോനവി
തരവേണമമ്മേ

വേണമമ്മേ ഉൻപാതം ചെന്നനന്താപുരിയിൽ
മേവുന്ന ശ്രീപതമനാഭനേ

വാണതൊരു പാണ്ഡവർക്കുതവി ചെയ്തു കൃതകം പോലെ
വന്മയായ് തീരുമനസിലുന്നിയേ

പേണി അടിയോർക്കിടർ വരാതെ കാത്തു പിൻതുണ
കർമ്മം ചെയ്കയെന്നേവും

ആണയേ ചെങ്കമലനായകം അടിയോരുന്ന ആണ്ടു–
കൊണ്ടെപ്പൊഴുതും അമ്മെയല്ലൊ

അമ്മെൽവമാകവേ ചിമിന്തിരാപുരിതാണം
അമ്മനൽക്കരെയിൽ പകവതി 40

നമ്മെ അറുതാലുണ്ട കേരളാതാതനേ നാടിയേ
വടക്കവഴി ചൊല്ലിയേ

കൊമ്പുംകിളിയോടുവാഴും മലയിൽ പകവതിയും
കൂടവേ വാഴ്വച്ചുതോട്ടത്തിലമ്മയും

തഞ്ചമാക എങ്കളെ എല്ലോരും ഒരുപോലെ
ചരതമായ് കാത്തരുളവേണമമ്മെ. 43

ഈ ഭാഗത്തു കവി ത്രിമൂർത്തികളെയും സരസ്വതി പാർവ്വതി മുതലായവരെയും ഗുരുവിനെയും വന്ദിക്കുന്നു.

ഇതിൽനിന്നും വേലായുധൻ എന്ന ആളായിരുന്നു ഇദ്ദേഹത്തിന്റെ ഗുരുവെന്നു വെളിപ്പെടുന്നുണ്ട്.

II A ഹരിഹരിനാരായണനേ! ശരണം

1 അലക ഉള്ളാടിന തായേ! ശരണം
തിരുപുരമെരിചെയ്ത ശിവനേ! ശരണം
2 ചെപ്പിന്ന മുല ഉമയാളെ! ശരണം
കരിമുഖവാഗണപതിയേ! ശരണം
കാരൊളികവിനായകിയേ! ശരണം
3 വിരികമലത്തുറ വാഴ്വേ! ശരണം
വേലായുതനെൻ കുരവേ! ശരണം
B ചൊല്ലിപ്പാടിന വായെല്ലാത്ത പൊൻമലർ
ചൂണ്ടിപ്പാടിന കൈകെയ്യാത്ത കിന്നരിയായ്
അല്ലൽ തീർത്തുടൻ ആഴിയിൽ പാഴുന്ന
ആലിപത്മനാഭ സ്വാമിയേ! ശരണം
നീറണിയുംമേനി ഉമയവൾക്ക്
നേരുപാതിയും പകുത്തുടനേ

---

1 പിശാച്
2 ഭംഗിയുള്ള
3 വികസിച്ച താമരയിൽ വസിക്കുന്ന ലക്ഷ്മീദേവി

4 ക്രൂര കൊടുത്ത നായകരെ
കലിംഗേശ്വരനും ഉദയനാൽ താണിട്ടു
വേരെ ഒരുത്തിയെ പടയിൽവെച്ചു
മേവിക്കളിത്തതും വെള്ളിവാതാളേള്ളു
5 പുത്രരെത്തേറിനശങ്കരനെ ,
ഇളയ പിറവൈവെത്താരൊളിവതിനാൽ
നകരിവാഴ്കരി ഉമയവക്ക്
നാ 6 ലെട്ടും പൊസ്റ്റു നന്മയിനാൽ
വാരി വിഷമുണ്ട കാലം തന്നിൽ
വന്ത 7 ഭുയരവും മീണ്ടതല്ലോ
പിരായ് വിഷത്തെയും മിടററിൽവെത്ത
ശിവനോ തിങ്കമനം തെളിയവേണം
നീതം പാശിയും പോലിതന്നോം
നലമായ് പിറന്നടിയൻ ശരണംപൂക
പൂക്കമലരടി ശരണംപൂക
പൊരുളുംപടി നമൈമ കാത്തരുളുവായ്

---

4 ദാനം
5 ഭാട്ട് (കാള)
6 ധർമ്മശാസ്ത്രപ്രകാരമുള്ള 32 ധർമ്മം
7 ദുഃഖം
8 ഭംഗിയാകുംവിധം

C മിക്ഷ ജയിക്കവേ പുത്തമ മികം
ചിറന്ത നാന്മുഖനാർ ദേവിയോട്
മൈയ്യുണ്ണാളുമയാറം പാദംപണിന്തു
മലരടിയനന്തിനം പോററിട്ടവേനേ
ഒക്കവെ മാന്തുക്കളുവരെത്താൻ
ഉറവു തൊഴുതെത്തി അടിപണിന്തു
പണിന്തു പരനേയും മാലയനേയും
പരമീശ്വരിയേയും പകവതിയേയും
വണങ്കം പത്തിരമ കാളിയോടെ
മലപോൽ ചാമുണ്ഡികതമൊത്തറോൻനാൻ
ഇണങ്കം ശിവശക്തി എൻപതെല്ലാം
ഈശർ തിരമേനി പിരിവിൽ നിൻവ
കലങ്ങേരിതപേർകറം പലവിതമായ്
എടുത്തോർ ശിവനും ശിവന്മനേ
    അറിയുടയാ തിരുമരുകാ!
അമ്മഉമയാളും പെററെടുത്തു
തിരിപുരമെരിചെയ്യു അരനാരുടെ
തിരുമുടയ പുതൽവനാരെ
കരിമുഖവാ! അങ്കരനേ!
കളിത്താട്ടമെന്തൻ ചിന്തയിലേ

വിരവൊടുചാമുണ്ഡി നന്മകളെ
വീഴ്ച്ചമുറപ്പാട വരമെതരുംവായ്
ആലകാലാ വിഷത്തെ ഉണ്ടോൻ
അമ്പലത്തുള്ളാട്ടം അരനാർ
കോലമായ്, നല്ല അടവിയിലെ
കൊമ്പി ഉമയാളും പിടിവടിവായ്
ചീലമുടനെ നിൻറു കളിത്തിടവെ
തെളിന്തുതിരുന്താര കല്പകമേ!
മൂലമാന മുതൽ വേതിയനേ!
നീലമുകിൽ വേതിയോനേ
നിമിഷമുടൻ കരൈതഴവന്തതക
മുത്തമിഴ് കരൈതഴ വന്തതക
ചെന്തില്പുരമുരു പെരുമാളേ!
ചെൽവക്കുറമകൾ മണവാളാ!
വന്തടിയോനെന്നെ കമ്പിട്ടവൻ
വാറ പിണെകളെല്ലാം ഒഴിത്തരുൾക
എന്നതൻ കവലയെ തീർപ്പതുക്കം
എടുത്ത കഥ നൻറായ് തീർപ്പതുക്കം
ചിന്തതന്നിലെ എപ്പോഴും
തെളിന്തുവിളയാടവേണം

1 ആരണത്തിന്നകപ്പൊരുളേ!
അന്നവിരിഞ്ചനും തിരുമാലും
പൂരണമായ് ഇരുന്നവർക്ക്
പൊർക്കൊടിയേ എന്തൻ വാണിമാതേ!
ചീർണാംകുഴൽ സരസ്വതിയേ!
ചിന്തതന്നിൽ വന്തെപ്പൊഴും
നീരിണങ്കിയേ എപ്പൊഴും
നിനൈന്ത കാര്യ വരങ്കൾ തരവേണം
സജ്ജനങ്ങളും ഗുരുവരനും
തന്തിമുഖത്തോനും കവിമാരും
ഇച്ചയുടൻ മുനിവരൻമാരും
ഏന്തിഴയാളമ്മ ഉമതിരുവും
പച്ചമുകിൽവർണ്ണനിളയോരും
പങ്കജം കരത്തുള്ളോരും വിണ്ണവരോരും
ഇച്ചയുടൻ മറവുള്ളോരും
കൈമലരടി ശരണം പണിന്തേൻ
കണ്ഠമതിൽ വിഷം തരിത്തോൻ
2 കങ്കാള വൈരവർ താൻ

---

1 വേദം
2 ഏലീവണ്ടിന്ന ശിവൻ

ചണ്ഡൻ മുണ്ഡനെന്നവരെത്തപ്പുറുക്കെ
ശക്തിയാലേ ഒരു പുത്തിരിയാറം
മണ്ടിയെരിവിഴിതന്നിൽപ്പിറന്നു
മന്നോർക്ക് ഉതവിയാക
കൊണ്ട ചാമുണ്ഡി അമ്മകളെ
കേൾവിയുടൻ പാട വരമെനക്കേകായ്,
പാടുകിറേൻ നാൻ നിനൈന്നതെല്ലാം
പണ്ടു ചാമുണ്ഡിഅമ്മകളെ
മൂടം പിറപ്പും താനയറിയാകൽ
മുന്നുമറിയാതെ ഏറ്റുകളെ

മറെറാരുരൂപം

D അരിതിരുകാ മാൽമരുകാ
അമ്മ ഉമയാളും തിരുവുള്ളമായ്
തിരിപുരമെരിചെയ്ത അരനാരെ!
തിറമുടയ ഉതവിനിരെ ,
കരിമുകവാ അയ്ങ്കരനേ
കളിത്താടുമെന്തൻ ചിന്തയിലേ
വിരവിനൊടമ്മ ചാമുണ്ഡികളെ
ഇതമുറപ്പാട വരമരുൾക 8

* * * *

നാടി അറിവോർകഠം അകെനപ്പോഴം
നല്ലതെന്നു കൊമ്പെൽ കൊള്ളുവേണം
കൂടിയ ചാമുണ്ഡിഅമ്മയുടെ
